## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1152 — 02.05.2017 ൽ മറുപടിയ്ക്ക്

## കാർഷിക വിളകളുടെ വിലയിടിവ്

**ചോദ്യം**

ശ്രീ. പി.സി. ജോർജ്ജ്

(എ) കാർഷിക വിളകൾക്ക് വിലയില്ലാത്തതുമൂലം കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ കർഷകർ ജീവിയ്ക്കാൻ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്നതും കടക്കെണിയിൽ ആയിരിയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

ശ്രീ. വി.എസ് സുനിൽകുമാർ
(ബഹു. കൃഷി വകുപ്പ് മന്ത്രി)

(എ) യും (ബി) യും

കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു..

നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, കേരളത്തിലെ ഉൽപാദന ചെലവിനേക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും കിലോയ്ക്ക് 25/- രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു. സഹകരണ സംഘങ്ങളേയും കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനികളേയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നു. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉൽപന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപന നടത്തി വരുന്നു. കർഷകരിൽ നിന്നുള്ള പച്ചക്കറി ഉൽപന്നങ്ങൾ വി.എഫ്.പി.സി.കെ മുഖേന സംസ്ഥാനത്തുടനീളമുള്ള 277 സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം നടത്താൻ സഹായിക്കുന്നു.

ഇക്കഴിഞ്ഞ ഓണക്കാലത്തും വിഷുവിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽ നിന്നും 30% അധിക വിലനൽകി സംഭരിച്ച പഴം പച്ചക്കറികൾ പ്രത്യേകം സംഘടിപ്പിച്ച വിപണികളിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ വട്ടവടയിലെ കർഷകരുടെ ചിരകാല ആവശ്യമായിരുന്ന ബാങ്ക് യാഥാർത്ഥ്യമാക്കി. കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വട്ടവട കാന്തല്ലൂർ മാതൃക മറ്റു സ്ഥലങ്ങളിലേക്കും വ്യാപിപ്പിച്ച് മാതൃകാ കാർഷിക മേഖലകൾ (Model Agricultural Zones) രൂപീകരിക്കുന്നതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്.

വട്ടവടയും കാന്തല്ലൂരും സംസ്ഥാനത്തെ പച്ചക്കറി ഹബ്ബ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്തെ കൃഷിക്കാർ ഉത്പാദിപ്പിച്ച പച്ചക്കറികൾ മുഴുവൻ കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

**സെക്ഷൻ ഓഫീസർ**